(ജൂലൈ 2010) ചെന്നൈ തുറമുഖത്തുനിന്നും സപ്ലൈകോ സ്വീകരിക്കുന്നത്. (മറ്റു ചെലവുകൾ പുറമേ) സർക്കാരിൽ നിന്നും ഓരോ ഇനം സാധനത്തിനും പ്രത്യേക സബ്സിഡി അനുവദിക്കാറില്ല. ആയതിനാൽ ചെറുപയറിന് മാത്രമായി,ഒരു കിലോഗ്രാമിന് നൽകുന്ന സബ്സിഡിയുടെ കണക്ക് ലഭ്യമല്ല.

കച്ചവടസ്ഥാപനങ്ങളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടി

54 (5732) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എം. ജെ. ജേക്കബ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കച്ചവടസ്ഥാപനങ്ങളിൽ വിലവിവരപ്പട്ടികയും സ്റ്റോക്ക് വിവരവും പ്രദർശിപ്പിക്കാത്തവർക്കെതിരെ നടപടിയെടുക്കുന്നുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകുമോ ;

(സി) വിലവിവരവും സ്റ്റോക്കും പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി ഫീൽഡ് ഓഫീസർമാർക്ക് നിർദ്ദേശം നൽകുമോ ;

(ഡി) സാധനങ്ങൾക്ക് അന്യായമായ വില ഈടാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കച്ചവടസ്ഥാപനങ്ങളിൽ വിലവിവരപ്പട്ടികയും സ്റ്റോക്ക് പരിധിയും പ്രദശിപ്പിക്കണമെന്നുള്ള കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ 1977-ലെ Kerala Essential Commodities (Maintenance of Accounts of Display of Price & Stock) ഓർഡർ പ്രകാരം നടപടി എടുത്തു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലവിവരപ്പട്ടികയും സ്റ്റോക്കും പ്രദർശിപ്പിക്കാത്ത 4190 പേർക്കെതിരെ നടപടി എടുത്തിട്ടുണ്ട്.

(സി) വിലവിവരവും സ്റ്റോക്കും പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് ഫീൽഡ് ഓഫീസർമാർ പരിശോധിക്കുന്നുണ്ട്. പരിശോധന ഊർജ്ജിതപ്പെടുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ജില്ലകൾ തോറും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പ്രൈസ് മോണിറ്ററിംഗ് സെല്ലും പ്രവർത്തിച്ചു വരുന്നു

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിലവിവരവും സ്റ്റോക്കും പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാനുള്ള സംവിധാനം ഉണ്ട്. പ്രദർശിപ്പിച്ചിട്ടുള്ള വിലയേക്കാൾ കൂടുതൽ ഈടാക്കുന്നവർക്കെതിരെ നടപടി എടുക്കാനും നിയമമുണ്ട്. ഇപ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതി

55 (5733) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് രണ്ട് രൂപയ്ക്ക് അരി നൽകുന്ന പദ്ധതിപ്രകാരം വയനാട് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് അരി ലഭ്യമാക്കുന്നുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) വയനാട് ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് പുതുതായി റേഷൻ കാർഡ് നൽകിയെന്ന് താലൂക്ക് തിരിച്ച് വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ റേഷൻ അദാലത്തുകൾവഴി പരിഹരിക്കപ്പെട്ട പരാതികളുടെ എണ്ണം വ്യക്തമാക്കുമോ ; റേഷൻ അദാലത്തിന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ ; ഉണ്ടെങ്കിൽ തൃപ്തികരമാണോ ;

(ഡി) ജില്ലയിൽ പ്രധാന ടൗണുകളിൽ സപ്ലൈകോയുടെ പച്ചക്കറി ചന്തകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വയനാട് ജില്ലയിൽ രണ്ട് രൂപയ്ക്ക് അരി ലഭ്യമാക്കുന്ന ബി.പി.എൽ. കുടുംബങ്ങളുടെ മണ്ഡലം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

	ബി.പി.എൽ	എ.എ.വൈ
ബത്തേരി	8636	13974
വൈത്തിരി	8562	10822
മാനന്തവാടി	6418	12091
ആകെ	23616	36887

LIBRARY ARCHIVES Kerala Legislative Assembly